"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തസ്വഭവ-പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം- കൊല്ലം ജില്ലയിലെ തെക്കുംഭാഗം ഗ്രാമപഞ്ചായത്തിലെ മുൻ അക്കൗണ്ടന്റ് ശ്രീ.ജെ.ടെറൻസിന്റെ 28.04.1998 മുതൽ 18.03.2003 വരെയുള്ള അനധികൃത ഹാജരില്ലായ്മ നോൺ ഡ്യൂട്ടിയായി ക്രമീകരിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയം ഭരണ വകുപ്പ്**

**സ.ഉ.(സാധാ) നം.2083/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 05/11/2020

---

പരാമർശം:- 1 കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 28.11.2003 ലെ എ വിഎസ് 2-8574/98 നമ്പർ നടപടി ക്രമം

2 ശ്രീ.ജെ.ടെറൻസിന്റെ 18.12.2018 ലെ അപേക്ഷ.

3 പഞ്ചായത്ത് ഡയറക്ടറുടെ 06.01.2020 ലെപാൻ/925/19-ഇ13 നമ്പർ കത്ത്.

**ഉത്തരവ്**

കൊല്ലം ജില്ലയിലെ തെക്കുംഭാഗം ഗ്രാമപഞ്ചായത്തിലെ മുൻ അക്കൗണ്ടന്റ് ശ്രീ.ജെ.ടെറൻസിന്റെ 28.04.1998 മുതൽ 18.03.2003 വരെയുള്ള അനധികൃത ഹാജരില്ലായ്മ ക്രമീകരിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (2) പ്രകാരം ടിയാൻ സമർപ്പിച്ച അപേക്ഷ പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. ശ്രീ.ടെറൻസ്.ജെ 28.04.1998 മുതൽ 18.03.2003 വരെ കെ.എസ്.ആർ ഭാഗം 1, അനുബന്ധം XII A പ്രകാരം അവധിക്ക് അപേക്ഷിക്കുകയും അനുമതി ലഭിക്കാതെ വിദേശത്ത് പോകുകയും ചെയ്തു. അനുമതിയില്ലാതെ അനധികൃതമായി സേവനത്തിൽ ഹാജരാകാതിരുന്നതിന് ടിയാനെതിരെ പരാമർശം (2) പ്രകാരം അച്ചടക്ക നടപടി തീർപ്പാക്കിയിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം ജില്ലയിലെ തെക്കുംഭാഗം ഗ്രാമപഞ്ചായത്തിലെ മുൻ അക്കൗണ്ടന്റ് ശ്രീ.ജെ.ടെറൻസിന്റെ 28.04.1998 മുതൽ 18.03.2003 വരെയുള്ള അനധികൃത ഹാജരില്ലായ്മ ടിയാന്റെ മുൻകാല സർവ്വീസ് നഷ്ടമാകും വിധം നോൺ ഡ്യൂട്ടിയായി ക്രമീകരിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ലീന എ**

**ഡെപ്യൂട്ടിസെക്രട്ടറി**

**പകർപ്പ്**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

സെക്രട്ടറി, തെക്കുംഭാഗം ഗ്രാമപഞ്ചായത്ത്. കൊല്ലം(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

ശ്രീ.ജെ.ടെറൻസ്, മുൻ അക്കൗണ്ടന്റ്, തെക്കുംഭാഗം ഗ്രാമപഞ്ചായത്ത്, കൊല്ലം(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

ധന വകുപ്പിന്(16.09.2020 ലെ ധെവ 1/122/2020/ധന നമ്പർ കുറിപ്പ് പ്രകാരം)

ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ്(വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ. ഐ.കെ.എം. തിരുവനന്തപുരം

കരുതൽ ഫയൽ, ഓഫീസ് പകർപ്പ്(69/ഇപിഎ1/20/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ